**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4718** **10-08-2021 - ൽ മറുപടിയ്ക്ക്**

**അതിർത്തി കടന്ന് എത്തുന്ന പാലിന്റെ ഗുണമേന്മ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | തമിഴ്നാട്ടിൽ നിന്നും അതിർത്തി കടന്ന് എത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് സംസ്ഥാനത്ത് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളായ മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നിവിടങ്ങളിൽ പാൽ പരിശോധിക്കുന്നതിന് വേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിശേഷ ദിവസങ്ങളിൽ സംസ്ഥാനത്തിന് പുറത്ത് നിന്നും വരുന്ന പാലിന്റെയും പാലുല്പന്നത്തിന്റെയും ഗുണ നിലവാരം പരിശോധിക്കുന്നതിനായി താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സംസ്ഥാന അതിർത്തിയിൽ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കാറുണ്ട്. കൂടാതെ ജില്ലകളിൽ വിറ്റഴിക്കുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതാതു ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തുന്നുണ്ട്. മറ്റ് വിശദമായ പരിശോധന ആവശ്യമുള്ള പക്ഷം കാസർഗോഡ്, പാലക്കാട്, കോട്ടയം ജില്ലകളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബിലേക്കും, തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിലേക്കും സാമ്പിൾ ലഭ്യമാക്കാറുണ്ട്. കൂടാതെ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികളും സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നു. ഇതര സംസ്ഥാനങ്ങളിൽ നിന്നും അതിർത്തി കടന്ന് എത്തുന്നതുൾപ്പെടെയുള്ള പാലിന്റെ ഗുണ നിലവാരം ഉറപ്പാക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തി വരുന്നുണ്ട്. കൂടാതെ ആഘോഷ വേളകളിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ |

| | | | |
|---|---|---|---|
| | | | കേന്ദ്രീകരിച്ചും അല്ലാതെയും പരിശോധന കൾ നടത്തി വരുന്നു. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തി പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നു. |
| (ബി) | ശരാശരി എത്ര ലിറ്റർ പാൽ ആണ് പ്രതിദിനം തമിഴ്നാട്ടിൽ നിന്നും എത്തുന്നത്; | (ബി) | തമിഴ്നാട്ടിൽ നിന്ന് പ്രതിദിനം 4.9 ലക്ഷം ലിറ്റർ പാൽ ആണ് എത്തുന്നത്. ഇത് ക്ഷീരവികസന വകുപ്പിന്റെ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം), പാറശ്ശാല (തിരുവനന്തപുരം) ചെക്ക് പോസ്റ്റുകളിലൂടെ കടന്ന് വരുന്ന പാലിന്റെ അളവാണ്. |
| (സി) | ഇടുക്കി ജില്ലയിൽ അതിർത്തി കടന്ന് എത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദീകരിക്കാമോ; | (സി) | ഇടുക്കി ജില്ലയിൽ പാലിന്റെയും പാലുല്പന്നത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി വിശേഷ ദിവസങ്ങളിൽ താൽക്കാലിക ഗുണ നിയന്ത്രണ ലാബുകൾ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പിക്കാറുണ്ട്. കൂടാതെ ജില്ലകളിൽ വിറ്റഴിക്കുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് ജില്ലയിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർ പരിശോധന നടത്തുന്നുണ്ട്. ഇടുക്കി ജില്ലയിൽ ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മൊബൈൽ ലാബ് ഉപയോഗിച്ച് കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തി വരുന്നു. ഇത് കൂടാതെ ക്ഷീരവികസന വകുപ്പുമായി ചേർന്ന് സംയുക്ത സ്ക്വാഡുകൾ രൂപീകരിച്ച് കുമളി, കമ്പംമെട്ട്, ബോഡിമെട്ട് എന്നീ ചെക്ക്പോസ്റ്റുകൾ കടന്ന് എത്തുന്ന പാലിന്റെ പരിശോധന നടത്തുന്നുണ്ട്. അന്യ സംസ്ഥാനത്തു നിന്നും വരുന്ന ടാങ്കർ ലോറികളിൽ നിന്നും പാലിന്റെ സാമ്പിളുകൾ ശേഖരിച്ച് ഗുണമേന്മ പരിശോധിക്കുന്നതിനായി ഡയറി ക്വാളിറ്റി കൺട്രോൾ ലാബിലും, എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലാബിലും നൽകി പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തുന്നുണ്ട്. |
| (ഡി) | പരിശോധനയിൽ പാൽ ഗുണമേന്മ ഇല്ലാത്തതാണെന്ന് കണ്ടെത്തിയാൽ എന്തൊക്കെ ശിക്ഷാനടപടികളാണ് സ്വീകരിക്കാൻ സാധിക്കുന്നതെന്ന് അറിയിക്കുമോ; വിശദമാക്കാമോ; | (ഡി) | പരിശോധനകളിൽ ആരോഗ്യത്തിന് ഹാനികരം (Unsafe) ആയി കണ്ടെത്തിയ ഭക്ഷ്യസാമ്പിളുകൾ കൈകാര്യം ചെയ്യുന്നവർക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികളും ഗുണനില വാരമില്ലാത്തതായ (substandard) പരിശോധന ഫലം ലഭിക്കുന്നവയ്ക്കെതിരെ അഡ്ജൂഡിക്കേഷൻ നടപടികളും സ്വീകരിച്ച് വരുന്നു. |
| (ഇ) | ഗുണമേന്മ ഇല്ലാത്ത പാൽ കൊണ്ടുവരുന്നതിന്റെ പേരിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് | (ഇ) | പാലിന്റെ ഗുണനിലവാര പരിശോധനയുമായി ബന്ധപ്പെട്ട് നടപ്പുവർഷം 2006 ലെ ഭക്ഷ്യസുരക്ഷാ |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ? | | ഗുണ നിലവാര നിയമ പ്രകാരം Cow Milk, Eranad (കൊല്ലം ജില്ല), Milk Thattu, (തിരുവനന്തപുരം ജില്ല), Milk-1 (എറണാകുളം ജില്ല), Hima Milk, Menma Milk, Kerala Milk (ഇടുക്കി ജില്ല) എന്നിവയ്ക്കെതിരെ 6 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ